പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

വർഷം	രൂപ
2007-08	2,56,020
2008-09	10,61,951
2009-10	23,42,550

മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്

വർഷം	രൂപ
2007-08	3,19,285
2008-09	2,14, 535
2009-10	1, 38,525

എസ്. സി.ഇ.ആർ.ടി.,ഡയറ്റ് എന്നീ സ്ഥാപനങ്ങളിൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾസ്

42 (5177) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.ടി., ഡയറ്റ് എന്നീ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലേക്ക് ഇപ്പോൾ നിയമനങ്ങൾ നടത്തുന്നുണ്ടോ ; എങ്കിൽ അതിന്റെ മാനദണ്ഡമെന്താണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ ഇത്തരത്തിൽ എസ്. സി. ഇ. ആർ. ടി. യിൽ നടത്തിയ നിയമനങ്ങലുടെ വിശദാംശങ്ങൾ തസ്തിക, ശമ്പളസ്കെയിൽ, വർഷം, തസ്തികകളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിന് ഗവേണിംഗ് ബോഡിയുടെ അനുവാദം മുൻകൂർ വാങ്ങിയിരുന്നോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) ഇല്ല. എസ്.സി.ഇ.ആർ.ടി.യിൽ സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറായി വരുന്നു. ഡയറ്റിന്റെ സ്പെഷ്യൽ റൂൾസ് രൂപീകരണം അന്തിമ ഘട്ടത്തിലാണ്.

(ബി) ഉണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, ദിവസവേതനാടിസ്ഥാനത്തിലും, കരാറടിസ്ഥാനത്തിലുമാണ് എസ്.സി.ഇ.ആർ.ടി.യിൽ നിയമനം നടത്തുന്നത്. എന്നാൽ കെ.എസ്.ആന്റ് എസ്.എസ്.ആർ. ചട്ടം 9 എ(1) പ്രകാരം താൽക്കാലികാടിസ്ഥാനത്തിലാണ് ഡയറ്റിൽ അദ്ധ്യാപകരെ നിയമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഗവേണിംഗ് ബോഡിയുടെ അനുവാദത്തോടെയാണ് നിയമനം നടത്തുന്നത്.

ആമയൂർ അൽഹുദാ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്

43 (5178) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട്ട് പഞ്ചായത്തിലെ ആമയൂർ അൽഹുദാ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറിയുടെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പരാതി എന്നാണ് ലഭിച്ചതെന്നും ആവശ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;.

(ഡി) വിദ്യാഭ്യാസപരമായും സാമൂഹികപരമായും പിന്നോക്കം നിൽക്കുന്ന നിശ്ചിത ദൂരപരിധിക്കുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ലാത്ത പ്രദേശങ്ങളിൽ സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ സ്ക്കൂളുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-5-2010-ലാണ് നിവേദനം സർക്കാരിന് ലഭിച്ചിട്ടുള്ളത്. ആമയൂർ പ്രദേശത്ത് യു.പി. തലംമുതൽ പ്ലസ് ടു വരെയുള്ള ഒരു സർക്കാർ/എയ്ഡഡ് സ്കൂൾ അനുവദിക്കണമെന്നതാണ് നിവേദനത്തിലെ ആവശ്യം.

(സി&ഡി) നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സാധാരണഗതിയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂൾ അനുവദിക്കേണ്ടതില്ലെന്നും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യേണ്ടതില്ലെന്നുമാണ് സർക്കാരിന്റെ നയപരമായ തീരുമാനം. ആയതിനാൽ മലപ്പുറം ജില്ലയിലെ ആമയൂരിൽ സ്കൂൾ അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly